## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4188** 13.12.2018-ൽ മറുപടിയ്ക്ക്

**2018-19 വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക**

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-19 സാമ്പത്തിക വർഷത്തിൽ 30.11.2018 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ 30.11.2018 വരെ സംസ്ഥാനത്ത് പിരിച്ചെടുത്ത തുക 25777.31 കോടി രൂപയാണ്. ഇതിനു പുറമെ ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ 1880 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കുമോ; | (ബി) | പ്രസ്തുത സാമ്പത്തിക വർഷം 46795.68 കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്. |
| (സി) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നില്ല. എന്നാൽ പ്രതീക്ഷിച്ച വരുമാന വർദ്ധനവായ 22% ലഭിച്ചിട്ടില്ല. 30/11/2018 ലെ കണക്കനുസരിച്ച് 13.33% വർദ്ധനവാണ് (കോമ്പൻസേഷൻ ഒഴികെ) ഉണ്ടായിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു. |

| കാലയളവ് | ലഭിച്ച വരുമാനം (തുക കോടിയിൽ) |
|---|---|
| 30/11/2017 വരെ | 22744.98 |
| 30/11/2018 വരെ | 25777.31 |
| വർദ്ധനവ് | 13.33% |

| | | | |
|---|---|---|---|
| (ഡി) | തമിഴ് നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ